# നെൽവയൽ സംരക്ഷണനിയമം കാറ്റിൽ പറക്കുന്നു

ആർ. ശിവശങ്കരപ്പിള്ള

ചന്ദ്രിക ദിനപത്രം

കൊച്ചി: അനേകം പേർക്ക് തൊഴിലും അതിലേറെപ്പേർക്ക അന്നവും നൽകിയിരുന്ന നെൽവയലുകളിലേറെയും സർക്കാറിന്റെ ഒത്താശയോടെ ഭൂമാഫിയകൾ മണ്ണിട്ട് മൂടിയതോടെ കരിവളയിട്ട കൈകൾ കതിർമണികൾ കൊയ്യാൻ വൃഥാ കൊതിക്കുന്നു. നെൽവയൽ സംരക്ഷണ നിയമം കാറ്റിൽ പറക്കുന്നു. 1968ൽ 8.02 ഹെക്ർ സ്ഥലത്തുണ്ടായിരുന്ന നെൽകൃഷി 2006-07 ആയപ്പോഴേക്കും 2.64 ലക്ഷം ഹെക്ടറായി ചുരുങ്ങി. ഇത് സർക്കാരിന്റെ കണക്ക്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനുള്ളിൽ 6.21 ലക്ഷം ഹെക്ടർ നെൽപ്പാടങ്ങളാണ് നികത്തപ്പെട്ടത്. സർക്കാരിന്റെ കണക്കിൽ പ്രതിതിദിനം 57 ഹെക്ടർ വിസ്തൃതിയിൽ നെൽപ്പാടങ്ങൾ പരിവർത്തനത്തിന് വിധേയമാകുന്നു. നമ്മള് കൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയെ എന്ന് പാടാൻ പഠിപ്പിച്ചവർതന്നെ കേരളത്തിന്റെ ഹരിതപാടശേഖരങ്ങൾ കൊന്നൊടുക്കുമ്പോൾ കരിവളയിട്ട കൈകൾ കതിർ കൊയ്യുന്നത് സ്വപ്നത്തിൽ മാത്രം കാണാൻ വിധിക്കപ്പെട്ടവരാകുന്നു. നഗരവത്കരണം, വ്യവസായികവത്കരണം, വികസന പ്രവർത്തനങ്ങൾ എന്നിവയെ ചൂണ്ടുപലകയാക്കി നെൽവയൽ നികത്താൻ കൂട്ടുനിന്നവർ, സ്ഥിരമായ നെൽ കൃഷി ലാഭകരമല്ലെന്ന് കർഷകരെ ബോധ്യപ്പെടുത്തി പാടശേഖരങ്ങൾ തീറ് വാങ്ങി ആകാശഗോപുരങ്ങൾ തീർക്കുന്ന ഭൂമാഫിയകൾക്ക് കൂട്ട് നിൽക്കുന്നു.

അരിമാത്രം അന്നത്തിനായി ആശ്രയിക്കുന്ന കേരളീയർക്ക് ആവശ്യമുള്ള അരിയുടെ അഞ്ചിലൊന്ന് പോലും ഉത്പാദിപ്പിക്കാൻ കഴിയുന്നുല്ല. ഭൂമിയുടെ മോഹവിലയിൽ കണ്ണുംനട്ട് നെൽപ്പാടങ്ങൾ നികത്തി റിയൽ എസ്റ്റേറ്റുകളാക്കി വിൽക്കുന്ന പ്രവണതയ്ക്ക് കൂടുതൽ ആക്കം കൈവരുന്നതും അരിവാൾ സർക്കാരിന്റെ കാലത്ത്. നെൽവയലുകൾ നികത്തുന്നത് നീർത്തട മേഖലയുടെ പാരിസ്ഥിതിക അപചയത്തിനും മണ്ണിന്റെ ഫലഭൂയിഷ്ഠതയെ പ്രതികൂലമായി ബാധിക്കുന്ന ജൈവസമ്പുഷ്ടതക്കുറവിനും വ്യാപകമായ മണ്ണൊലിപ്പിനും ജലസ്രോതസ്സുകൾ വറ്റിവരളുന്നതിനും കാരണമാകുന്നു എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

കായലുകൾ, ചതുപ്പനിലങ്ങൾ, ചേറ്റുപ്രദേശങ്ങൾ,കണ്ടൽകാടുകൾ തുടങ്ങിയ തണ്ണീർതടങ്ങളും വൻകിട റിയൽ എസ്റ്റേറ്റ് ഗ്രൂപ്പുകൾ വിലയ്ക്ക് വാങ്ങി മണ്ണിട്ട് നികത്തി തുടങ്ങിയതോടെ കുടിവെള്ളം മനുഷ്യന്റെ ജന്മാവകാശമാണെന്ന സത്യം വിസ്മൃതിയിലാണ്ടു. കായലുകളും ചതുപ്പനിലങ്ങളും മറ്റ് ജലാശയങ്ങളുമൊക്കെയായി 217 തണ്ണീർത്തടങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടെന്ന് റവന്യൂ ലിഖിതങ്ങളും രേഖകളും വ്യക്തമാക്കുന്നു.

ഇതിൽ 93എണ്ണം തീരദേശ തണ്ണീർത്തടങ്ങളും 64എണ്ണം ഉൾനാടൻ തണ്ണീർതടങ്ങളുമാണ്. ഇവയിൽ 157എണ്ണവും 50 ഹെക്ടറോ അവയിൽ കൂടുതലോ വിസ്തൃതിയുള്ളവയാണ്. ഇവയുടെ ആകെ വിസ്തൃതി 1,27,930 ഹെക്ടറാണെന്ന് റവന്യൂ രേഖകൾ സാക്ഷ്യപ്പെടുമ്പോൾ ഇന്നുള്ളത് ഇവയുടെ നാലിലൊന്ന് മാത്രമാണ്. ഭൂമാഫിയകൾ വളഞ്ഞ് പിടിച്ചതും കെട്ടിയെടുത്ത തും കൂട്ടിച്ചേർത്താൽ തണ്ണീർത്തടങ്ങളൊന്നും ശേഷിക്കുന്നില്ലെന്ന് പറയാം.

പ്രകൃതിദത്ത തണ്ണീർത്തടങ്ങളാണ് കയ്യേറ്റങ്ങളിൽ അന്യമായവയിലേറെയും. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽ 1,36,000 ഏക്കറോളമുണ്ടായിരുന്ന കായലുകൾ 60,000 ഏക്കറായി ചുരുങ്ങിയെന്ന് സർക്കാർ രേഖകൾതന്നെ ചൂണ്ടിക്കാട്ടുമ്പോൾ കായലും കരിനിലങ്ങളും തണ്ണീർതടങ്ങളും നീർത്തടങ്ങളുമെല്ലാം മാറിൽ മണ്ണ് വീണ് മറയുന്ന കാഴ്ചകൾക്കാണ് നാം സാക്ഷിയാകുന്നത്.

അടുത്തകാലം വരെ 700 ചതുരശ്ര കിലോമീറ്റർ പ്രദേശങ്ങളിലുണ്ടായിരുന്ന കണ്ടൽകാടുകൾ 50 ചതുരശ്രകിലോമീറ്ററായി ചുരുങ്ങിപ്പോയിരിക്കുന്നു.

2007ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം നിയമസഭയിൽ പാസായത് 2008 ജൂലയ് 24നാണ്. ഈ നിയമം വന്നതിന് ശേഷമാണ് സംസ്ഥാന വ്യാപകമായി നെൽപാടങ്ങളും നീർത്തടങ്ങളും വ്യാപകമായി നികത്തപ്പെട്ടത്.

നെൽവയലുകളും തണ്ണീർത്തടങ്ങളും നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ പരിവർത്തനപ്പെടുത്താനോ രൂപാന്തരപ്പെടുത്താനോ പാടില്ലെന്ന് അനുശാസിക്കുന്ന നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കാറ്റിൽ പറത്തി ആയിരക്കണക്കിന് ഹെക്ടർ പാടശേഖരങ്ങളും കായലുകളും റിയൽ എസ്റ്റേറ്റ് മാഫിയകൾ ഇതിനകം നികത്തിയെടുത്തു. കൃഷിവകുപ്പും റവന്യൂവകുപ്പും സർക്കാരും ഭൂമാഫിയകൾക്ക് സംരക്ഷണം ഉറപ്പുവരുത്തിയപ്പോൾ മലയാളികളുടെ ഭക്ഷണമേശയിൽ അന്നം ആന്ധ്രയിൽ നിന്ന് എത്തേണ്ട ഗതിയായി.

വർഷങ്ങൾക്ക് മുമ്പ് നികത്തപ്പെട്ടെങ്കിലും റവന്യൂ രേഖകളിൽ വയലുകൾ, നിലങ്ങൾ എന്ന് തരംതിരിക്കപ്പെട്ട ഭൂമിയിൽ പോലും നിർമ്മാണം നടത്താനാവാതെ സാധാരണക്കാരൻ വലയുമ്പോൾ പതിനായിരക്കണക്കിന് ഏക്കർ പാടശേഖരങ്ങളാണ് നികത്തിയെടുത്ത് ഫ്ളാറ്റുകൾ നിർമ്മിക്കുന്നത്. ഇവർക്ക് മാത്രം നിയമക്കുരുക്കുകളില്ല. ഗ്രാമങ്ങളിൽ പത്ത് സെന്റ് വരെയും നഗരങ്ങളിൽ അഞ്ചുസെന്റ് വരെയും വയലുകൾ ഉടമസ്ഥന് മറ്റു ഭൂമിയില്ലെങ്കിൽ നികത്തി വീടുവെക്കുന്നതിന് നിയമപ്രാബല്യം നൽകു ന്ന കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സാധാരണക്കാരന് മാത്രം നീതി നിഷേധിക്കുന്നു.